പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4862 18.12.2014-ൽ മറുപടിക്ക്

## അരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) അരൂർ നിയോജകമണ്ഡലത്തിലെ വാക്കയിൽ പി.എസ് ഫെറി, അഞ്ചുതുരുത്ത് കുടപ്പുറം കെൽ-ട്രോൺ ഫെറി - കുമ്പളങ്ങി എന്നിവിടങ്ങളിലെ പാലം നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള മണ്ണ് പരിശോധന, ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) വാക്കയിൽ കടവ്, പി.എസ് ഫെറി, അഞ്ചുതുരുത്ത്, കടപ്പുറം എന്നിവിടങ്ങളിലെ പാലങ്ങളുടെ മണ്ണ് പരിശോധന പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി വരുന്നു. കെൽട്രോൺ ഫെറി - കുമ്പളങ്ങി പാലത്തിന്റെ മണ്ണു പരിശോധന പൂർത്തിയായി കരട് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) അപ്രോച്ച് റോഡിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് ആവശ്യമുള്ളിടത്ത് ആയതിനായുള്ള AS മുൻകൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; സ്ഥലമെടുപ്പ് നടപടികൾക്ക് കേന്ദ്ര നിയമത്തിന് അനുസൃതമായ റൂൾ തയ്യാറാക്കി കഴിഞ്ഞോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആകുമെന്ന് വ്യക്തമാക്കാമോ? | (ബി) നിലവിലുള്ള നിയമമനുസരിച്ച് ആവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര നിയമത്തിന് അനുസൃതമായ നിയമം തയ്യാറാക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ